LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 1549 കൊലപാതക കേസ്സുകളും, 344 കൂട്ടക്കവർച്ച കേസ്സുകളും, 2941 മാലപൊട്ടിക്കൽ കേസുകളും 1505 ആരാധനാലയങ്ങളിലെ കേസുകളും രജിസ്റ്റർ ചെയ്യുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ ഇത്തരം കേസുകളിൽ ഉൾപ്പെട്ട സിവിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം

260 (270) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആഭ്യന്തര സുരക്ഷയെബാധിക്കുന്ന ഇത്തരം പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ക്യാമറകളിൽ ചിലത് സാങ്കേതിക തകരാറുമൂലം പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ട്രാഫിക് യൂണിറ്റിന്റെ സ്റ്റാഫ് പാറ്റേൺ

261 (271) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് അനുവദിച്ച ട്രാഫിക് യൂണിറ്റിന്റെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ട്രാഫിക് യൂണിറ്റിലേക്കുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ട്രാഫിക് യൂണിറ്റിനായി വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വാഹനങ്ങളാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ട്രാഫിക് യൂണിറ്റ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) കാഞ്ഞങ്ങാട് ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ വകപ്പുതലത്തിൽ സ്വീകരിച്ചു വരികയാണ്.

(സി) ഉത്തരം എ, ബി എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ അനധികൃത മദ്യവും മയക്കുമരുന്നും വ്യാപകമായി എന്ന ആരോപണം

262 (272) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ വളരെക്കുറച്ചുവിലയ്ക്ക് ലഭിക്കുന്ന അനധികൃത മദ്യവും മയക്കുമരുന്നുകളും വ്യാപകമായി എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് തടയുന്നതിന് പോലീസ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ എത്ര പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) മയക്കുമരുന്നുകളുടെയും മുറുക്കാൻ പോലുള്ളവയുടെയും ഉപയോഗത്തിന്റെ ലഹരിയിൽ ഇരുചക്രവാഹനമടക്കം നിയന്ത്രണമില്ലാതെ ഓടിക്കുകയും യാത്രക്കാരുടെ മേലും മറ്റ് വാഹനങ്ങളുടെമേലും തട്ടി അപകടമുണ്ടാക്കുകയും ചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ആയത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly